എം(2)/31692/2016/ഡി.പി.ഐ

പൊതു വിദ്യാഭ്യാസ ഡയറക്ടറാഫീസ്
തിരുവനന്തപുരം, തീയതി : 27.05.2016

## വിജ്ഞാപനം

വിഷയം :- പൊതു വിദ്യാഭ്യാസം - ഹിന്ദി ഡിപ്ളമോ ഇൻ ലാംഗേജ് എഡ്യൂക്കേഷൻ കോഴ്സ് 2016 –2017 വർഷത്തെ (പൊതു ക്വാട്ട)യ്ക്ക് താഴെ പറയുന്ന യോഗ്യതയുള്ളവരിൽ നിന്നും നിർദ്ദിഷ്ട ഫാറത്തിൽ അപേക്ഷകൾ ക്ഷണിച്ചു കൊള്ളുന്നു.

**1. യോഗ്യതകൾ :**

1. കേരള ഗവൺമെന്റ് നടത്തുന്ന എസ്.എസ്.എൽ,.സി.യോ തത്തുല്ല്യമായ യോഗ്യതാ പരീക്ഷയോ പാസ്സായിരിക്കണം.

2. ദക്ഷിണ ഭാരത ഹിന്ദി പ്രചാരസഭ നടത്തുന്ന "പ്രവീൺ" പരീക്ഷയോ/കേരള ഹിന്ദി പ്രചാരസഭ നടത്തുന്ന സാഹിത്യാചാര്യയോ/ബി.എ(ഹിന്ദി)/എം.എ (ഹിന്ദി)യോ കുറഞ്ഞത് 50% മാർക്ക് നേടി വിജയിച്ചിരിക്കണം. (ഒ.ബി.സി വിഭാഗക്കാർ 45% മാർക്കും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർ യോഗ്യതാ പരീക്ഷ വിജയിക്കുകയും ചെയ്താൽ മതി).

**2. പ്രായപരിധി**

അപേക്ഷകർ 01.05.2016 ൽ 17 വയസ്സ് തികഞ്ഞിരിക്കേണ്ടതും 35 വയസ്സ് കഴിയാൻ പാടില്ലാത്തതുമാകുന്നു. ഉയർന്ന പ്രായപരിധിയിൽ പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് 5 വർഷവും മറ്റു പിന്നോക്ക സമുദായക്കാർക്ക് 3 വർഷവും ഇളവ് അനുവദിക്കുന്നതാണ്. അംഗീകാരമുള്ള ടീച്ചിംഗ് സർവ്വീസ്സ്, മിലിട്ടറി സർവ്വീസ് എന്നിവയും ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്നതിന് പരിഗണിക്കും. ഉയർന്ന പ്രായപരിധിയിൽ WP(C) 12888/13 ന്റെ ഉത്തരവിനു വിധേയമായി പ്രായപരിധിയിൽ മാറ്റം വരാവുന്നതാണ്. 2% സീറ്റുകൾ വികലാംഗർക്കായി സംവരണം ചെയ്തിരിക്കുന്നു.

**3. അപേക്ഷാ ഫീസ്**

അപേക്ഷകർ "0202-01-102-92 മറ്റിനങ്ങളിൽ നിന്നുള്ള വരവുകൾ" എന്ന ശീർഷകത്തിൽ 5/- രൂപ ചെല്ലാൻ അപേക്ഷ ഫീസിനത്തിൽ സംസ്ഥാനത്തെ ഏതെങ്കിലും ട്രഷറിയിൽ അടയ്ക്കേണ്ടതാണ്. പട്ടികജാതി/പട്ടികവർഗ്ഗക്കാരെ ഫീസടക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. (അപേക്ഷാഫീസ് ഡിമാന്റ് ഡ്രാഫ്റ്റായോ മറ്റേതെങ്കിലും രീതിയിലോ അടയ്ക്കുന്നവരുടെ അപേക്ഷ പരിഗണിക്കുന്നതല്ല).

**4. അപേക്ഷിക്കേണ്ട രീതി**

1. നിശ്ചിത ഫാറത്തിൽ തന്നെ അപേക്ഷ സമർപ്പിക്കണം. കോളങ്ങൾ ഒന്നും തന്നെ ഒഴിവാക്കിയിടാൻ പാടില്ല. ബാധകമല്ലാത്ത കോളങ്ങൾ ബാധകമല്ല എന്ന് പൂരിപ്പിക്കേണ്ടതാണ്.
2. അപേക്ഷയോടൊപ്പം താഴെ പറയുന്ന രേഖകൾ ഉള്ളടക്കം ചെയ്തിരിക്കണം..

എ. അപേക്ഷാഫീസ് അടച്ചതിന്റെ അസ്സൽ ചെല്ലാൻ,

ബി. എസ്സ്.എസ്സ്.എൽ.സി.യുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ (യോഗ്യത, ജനനതീയതി, ജാതി ഇവ തെളിയിക്കുന്നതിനുള്ള രേഖകൾ)

സി. പ്രവീൺ/സാഹിത്യാചാര്യ/ബി.എ(ഹിന്ദി)/എം.എ(ഹിന്ദി)പരീക്ഷ പാസ്സായതിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റിന്റേയും മാർക്ക് ലിസ്റ്റിന്റേയും പകർപ്പുകൾ.

ഡി. അപേക്ഷയിൽ മറ്റെന്തെങ്കിലും പറഞ്ഞിട്ടുണ്ടെങ്കിൽ അതിന്റെ തെളിവുകൾക്കായി സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ.

**നോട്ട്**

. ഹിന്ദി പരീക്ഷ പാസ്സായതിന് തെളിവായി ഹിന്ദി അദ്ധ്യാപകർ നൽകുന്ന സർട്ടിഫിക്കറ്റുകൾ സ്വീകാര്യമല്ല.

**5. ഫീസ് വിവരം**

ഇളവുകൾക്ക് വിധേയമായി താഴെ പറയുന്ന ഫീസ് തെരഞ്ഞെടുക്കപ്പെടുന്നവർ ട്രെയിനിംഗ് സെന്ററുകളിൽ നല്കേണ്ടതാണ്.

| | | |
|---|---|---|
| എ. അഡ്മിഷൻ ഫീസ് | – | 5 രൂപ |
| ബി. ട്യൂഷൻ ഫീസ് | – | 150 രൂപ (മൂന്നു തവണ) |
| സി. ലൈബ്രറി ഫീസ് | – | 5 രൂപ. |
| ഡി. ഗെയിംസ് ഫീസ് | – | 5 രൂപ |
| ഇ. സ്റ്റേഷനറി ഫീസ് | – | 5 രൂപ |

**6. തെരഞ്ഞെടുപ്പ് രീതി**

അപേക്ഷകർ അവരുടെ സ്വന്തം ചെലവിൽ പരീക്ഷാ കമ്മീഷണർ നടത്തുന്ന പ്രവേശന പരീക്ഷക്കിരിക്കേണ്ടതാണ്. ഓരോ റവന്യൂ ജില്ലാ ആസ്ഥാനത്തും പ്രവേശന പരീക്ഷാകേന്ദ്രം ഉണ്ടായിരിക്കും. അപേക്ഷയിൽ നിശ്ചിത എണ്ണം അപേക്ഷകരില്ലെങ്കിൽ പ്രവേശന പരീക്ഷക്കു പകരം മെറിറ്റടിസ്ഥാനത്തിൽ തെരഞ്ഞെടുക്കുന്നതായിരിക്കും. ഹിന്ദി രചന, തർജ്ജിമ, വ്യാകരണം എന്നിവയിലെ അഭിരുചി പരിശോധിക്കുന്ന തരത്തിലായിരിക്കും പരീക്ഷ. പരീക്ഷയുടെ സമയവും തീയതിയും യഥാസമയം പരീക്ഷ സെക്രട്ടറി പരീക്ഷാഭവനിൽ നിന്നും അറിയിക്കുന്നതായിരിക്കും.

**7. സംവരണം**

പ്രവേശന പരീക്ഷയ്ക്ക് ലഭിക്കുന്ന മാർക്കിന്റെയും റാങ്കിന്റെയും അടിസ്ഥാനത്തിൽ സംവരണ റൊട്ടേഷന് വിധേയമായിട്ടായിരിക്കും തെരഞ്ഞെടുപ്പ് നടത്തുന്നത്. ആകെ സീറ്റിൽ പകുതി വകുപ്പുതല ക്വാട്ടയാണ്. വകുപ്പ് തല ക്വാട്ടയ്ക്ക് വേണ്ടത്ര അപേക്ഷകൾ ഇല്ലാത്ത പക്ഷം ആയത് പൊതു ക്വാട്ട പ്രകാരം നികത്തുന്നതാണ്. ലക്ഷദ്വീപിൽനിന്നുള്ള അപേക്ഷകൾക്കായി 5 സീറ്റുകൾ സംവരണം ചെയ്തിരിക്കുന്നു. എന്നിരുന്നാലും സ്വീകാര്യ മായ അപേക്ഷകരുടെ എണ്ണം നിശ്ചിത ശതമാനത്തിനുതാഴെയാണ് ലഭിക്കുന്നതെങ്കിൽ പ്രവേശന പരീക്ഷ ഒഴിവാക്കി യോഗ്യത പരീക്ഷയ്ക്ക് ലഭിച്ച മാർക്കിന്റെ അടിസ്ഥാനത്തിൽ റാങ്ക് ലിസ്റ്റ് തയ്യാറാക്കി പ്രവേശനം നടത്തുന്നതായിരിക്കും. ആയതിനാൽ അപേക്ഷയോ ടൊപ്പം യോഗ്യതാ പരീക്ഷയുടെ മാർക്ക് ലിസ്റ്റിന്റെ എല്ലാ പാർട്ടിന്റെയും സ്വയം സാക്ഷ്യപ്പെ ടുത്തിയ പകർപ്പുകൾ കൂടി ഹാജരാക്കേണ്ടതാണ്.

**8.ട്രെയിനിംഗ് സെന്ററുകൾ**

എ) റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാംഗ്വേജ് ട്രെയിനിംഗ് (ഹിന്ദി) തിരുവനന്തപുരം-160 സീറ്റ്.

ബി) ഗവ: ഹിന്ദി ടീച്ചർ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, രാമവർമ്മപുരം,തൃശ്ശൂർ- 160 സീറ്റ്.

**9. നിബന്ധനകൾ**

1. അപേക്ഷകൾ 15/07/2016 വൈകുന്നേരം 5 മണിക്കു മുൻപായി പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റ്, ജഗതി, തിരുവനന്തപുരം, പിൻ 695014 എന്ന വിലാസത്തിൽ അയ്ക്കേണ്ടതാണ്. വൈകി കിട്ടുന്നതോ തെറ്റായിട്ടുള്ളതോ ആയ അപേക്ഷകൾ പരിഗണിയ്കുന്നതല്ല.
2. അപേക്ഷയോടൊപ്പം ഹാജരാകുന്ന സർട്ടിഫിക്കറ്റുകളുടെ ഫോട്ടോ കോപ്പികൾ സ്വയം സാക്ഷ്യപ്പെടുത്തിയിരിക്കണം. അല്ലാത്തവ നിരസിയ്ക്കുന്നതാണ്.
3. തെരഞ്ഞെടുക്കപ്പെടുന്നവർ യോഗ്യതാ സർട്ടിഫിക്കറ്റുകളുടെ അസ്സൽ ബന്ധപ്പെട്ട സെന്ററിൽ പ്രവേശന സമയത്ത് ഹാജരാക്കേണ്ടതാണ്.
4. അപേക്ഷകൾ ഉള്ളടക്കത്തോടൊപ്പം തുന്നികെട്ടി അയ്ക്കേണ്ടതാണ്. മൊട്ടു സൂചി കുത്താൻ പാടില്ല.
5. പ്രവേശന പരീക്ഷയിക്കിരിക്കുന്നവർ, തെരഞ്ഞെടുക്കപ്പെട്ടാലും പിന്നീട് അപേക്ഷയിൽ നൽകിയിരിക്കുന്ന വിവരങ്ങൾ തെറ്റാണെന്ന് തെളിഞ്ഞാലോ, മതിയായ മറ്റു യോഗ്യതകൾ ഇല്ലെന്ന് കണ്ടാലോ പ്രവേശനം അസാധുവാക്കാനുള്ള അധികാരം പൊതു വിദ്യാഭ്യാസ ഡയറക്ടറിൽ നിക്ഷിപ്തമാണ്. അപേക്ഷകർ തെരഞ്ഞെടുക്കപ്പെടാൻ അർഹതയുണ്ടോ ഇല്ലയോ എന്നുള്ള് പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ തീർപ്പ് അന്തിമമായിരിക്കും. അതിൻമേൽ കത്തിടപാടുകൾ നടത്തുന്നതല്ല.

6. സെലക്ഷൻ സംബന്ധിച്ച് വ്യക്തികളുമായോ, ഏതെങ്കിലും സംഘടനകളുമായോ പൊതുവിദ്യാഭ്യാസ ഡയറക്ടർ കത്തിടപാടുകൾ നടത്തുന്നതല്ല.

7. ട്രെയിനിംഗിനു ശേഷം നിയമനം നൽകുന്നതിന് പൊതു വിദ്യാഭ്യാസ ഡയറക്ടർ ബാദ്ധ്യസ്ഥനല്ല.

8. ഒപ്പിടാത്തതും അപൂർണ്ണവുമായ അപേക്ഷകൾ മറ്റൊരറിയിപ്പ് കൂടാതെ നിരസിയ്ക്കുന്നതായിരിക്കും.

9. വികലാംഗരായ അപേക്ഷകർ തെളിവിനായി ബന്ധപ്പെട്ട മെഡിക്കൽ ബോർഡിൽ നിന്നും ലഭിച്ച സർട്ടിഫിക്കറ്റിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ് അപേക്ഷയോടൊപ്പം അയക്കേണ്ടതാണ്.

10. ലക്ഷദ്വീപിന് സംവരണം ചെയ്പ്പെട്ട 5 സീറ്റുകളിലേക്കുള്ള അപേക്ഷ 30.06.2016 നു മുൻപായി പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ എത്തിക്കേണ്ട താണ്.

(ഒപ്പ്)
വി.എൽ. വിശ്വലത
അഡീഷണൽ ഡയറക്ടർ ഓഫ് പബ്ലിക് ഇൻസ്ട്രക്ഷൻ
(അക്കാദമിക്)
പൊതു വിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി

പകർപ്പ് :

1. എല്ലാ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർക്കും
2. എല്ലാ ജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും
3. എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും
4. സെക്രട്ടറി, പരീക്ഷാഭവൻ പൂജപ്പുര, തിരുവനന്തപുരം.
5. ചീഫ് ഇൻസ്ട്രക്റ്റർ, ആർ.ഐ.എൽ.റ്റി തിരുവനന്തപുരം/ ഗവ: ഹിന്ദി ടീച്ചർ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, രാമവർമ്മപുരം, തൃശ്ശൂർ.
6. ഡയറക്ടർ ഓഫ് എഡ്യൂക്കേഷൻ, യു.റ്റി.ഓഫ് ലക്ഷദ്വീപ്, കവരത്തി.
7. ഡയറക്ടർ, ഐടി@സ്കൂൾ, പൂജപ്പുര, തിരുവനന്തപുരം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
8. കരുതൽ ഫയൽ.

# അനുബന്ധം

## 2016 – 2017 വർഷത്തെ ഡിപ്ലോമാ ഇൻ ലാംഗ്വേജ് എഡ്യൂക്കേഷൻ (ഹിന്ദി) കോഴ്സിനുള്ള അപേക്ഷ (പൊതു ക്വാട്ട)

1. പൂർണ്ണമായ പേരും മേൽ വിലാസവും (പിൻകോഡ് ഉൾപ്പെടെ മലയാളത്തിലും ഇംഗ്ലീഷിലും വലിയ അക്ഷരത്തിൽ) :
2. ജനനതീയതി :
3. 01.05.2016 ൽ പൂർത്തിയാകുന്ന വയസ്സ് :
4. വിദ്യാഭ്യാസ യോഗ്യതയും ലഭിച്ച മാർക്കും (സർട്ടിഫിക്കറ്റിന്റേയും മാർക്ക് ലിസ്റ്റിന്റേയും എല്ലാ പാർട്ടിന്റേയും സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ ഹാജരാക്കണം) :
5. യോഗ്യതാ പരീക്ഷയ്ക്ക് ലഭിച്ച മാർക്കിന്റെ ശതമാനം :
6. (എ) ജാതി /മതം :

   (ബി) പട്ടികജാതി /പട്ടികവർഗ്ഗം/ഒ.ബി.സി/ ആണോയെന്ന് :
7. മിലിട്ടിറി സേവനമുണ്ടെങ്കിൽ അതിന്റെ കാലയളവ് (സർട്ടിഫിക്കറ്റ് ഹാജരാക്കണം) :
8. അംഗീകാരമുള്ള ടീച്ചിംഗ് സർവ്വീസ് ഉണ്ടെങ്കിൽ കാലയളവ് (എ.ഇ.ഒ യിൽ നിന്നോ ഡി.ഇ.ഒ യിൽ നിന്നോ കിട്ടുന്ന സർട്ടിഫിക്കറ്റ് ഹാജരാക്കണം) :
9. അപേക്ഷകർ ഒടുക്കിയ ഫീസ് ചെല്ലാൻ തീയതിയും നമ്പരും ട്രഷറിയുടെ പേരും
10. അപേക്ഷകർ പ്രവേശന പരീക്ഷ എഴുതാൻ ഉദ്ദേശിക്കുന്ന ജില്ല :
11. പഠിക്കാനുദ്ദേശിക്കുന്ന സ്ഥാപനത്തിന്റെ പേര് (മുൻ ഗണനാക്രമത്തിൽ) :

    1.

    2.
12. അപേക്ഷകൻ വികലാംഗനാണോ :

    (ആണെങ്കിൽ സർട്ടിഫിക്കറ്റ് ഹാജരാക്കണം)
13. ഉള്ളടക്കത്തിന്റെ ലിസ്റ്റ് :

അപേക്ഷകന്റെ ഒപ്പ്

സ്ഥലം :

തീയതി :